കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റ്-ജീവനക്കാര്യം -ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ ഭാഗമായിരുന്ന പി.എഫ്.എ വിംഗിലെ മിനിസ്റ്റീരിയൽ വിഭാഗം തസ്തികകൾ- ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റിനു കീഴിലേക്കുള്ള സ്ഥിരമായ വിന്യാസം - തുടർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (ഇ) വകുപ്പ്**

സ.ഉ (കൈ ) നം. 23/2017/ആ.കു. വ. തീയതി, തിരുവനന്തപുരം 14 /02/2017

പരാമർശം :
1. സ.ഉ (കൈ) നം.17/16 ആ.കു. വ. തീയതി 25.01.2016.
2. സ.ഉ (കൈ) നം.44/16 ആ.കു. വ. തീയതി16.02.2016.
3. സ.ഉ (കൈ) നം.80/16 ആ.കു. വ. തീയതി 31/03/2016
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 25.10.16,06/01/2017 എന്നീ തീയതികളിലെ പി.എൽ. എ. 4/95407/13/ആ.വ.ഡ നമ്പർ കത്ത്.
5. ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 18.02.2016 ലെ ബി. 1173/12/സി.എഫ്.എസ് ,18/12/2016 ലെ എ 3-6250/2016/സി.എഫ്.എസ് നമ്പർ കത്ത്.

B
D
18/02

**ഉത്തരവ്**

ഹെൽത്ത് സർവ്വീസ് വകുപ്പിൽ നിന്നുള്ള ഭക്ഷ്യസുരക്ഷാവിഭാഗത്തിന്റെ വിഭജനം പൂർണ്ണമാക്കുന്നതിന്റേയും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനെ ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന്റെ ഭാഗമായിരുന്ന പി.എഫ്.എ വിംഗിന് അനുവദിച്ചിരുന്ന മിനിസ്റ്റീരിയൽ വിഭാഗം തസ്തികകൾ ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റിനു കീഴിലേക്ക് സ്ഥിരമായി വിന്യസിച്ച് പരാമർശം (1) (2)(3) എന്നിവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിനു കീഴിലുള്ള ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലെ രണ്ട് ടൈപ്പിസ്റ്റ് തസ്തികകളും പത്തനംതിട്ട ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയും ടി തസ്തികകൾ കൂടി സർക്കാരിലേക്ക് സമർപ്പിച്ച പ്രപ്പോസലിൽ ഉൾപ്പെടുത്താൻ വിട്ടുപോയതായും ഭക്ഷ്യസുരക്ഷാകമ്മീഷണറേറ്റിനു കീഴിലേക്ക് മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഭക്ഷ്യസുരക്ഷാകമ്മീഷണർ അറിയിച്ചിരുന്നു

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ച ഗവൺമെന്റ് അനലിസ്റ്റ് ലബോറട്ടറിയിലെ രണ്ട് ടൈപ്പിസ്റ്റ് തസ്തികകളും പത്തനംതിട്ട ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ ഒരു ഓഫീസ് അറ്റൻഡന്റ് തസ്തികയും ഹെൽത്ത് സർവ്വീസ് ഡയറക്ടറേറ്റിൽ നിന്നും വേർപെടുത്തി ടി തസ്തികകളുടെ ഭരണപരവും സാമ്പത്തികപരവുമായ നിയന്ത്രണം പരാമർശം (1) ലെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനു കീഴിലേക്ക് നിക്ഷിപ്തമാക്കി കമ്മീഷണറേറ്റിലേക്ക് സ്ഥിരമായി വിന്യസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**

**സ്റ്റെല്ല ലിറ്റിൽ ഫ്ള വർ.എം.കെ**
ഡെപ്യൂട്ടി സെക്രട്ടറി

ഫുഡ് സേഫ്റ്റി കമ്മീഷണർ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
കരുതൽ ശേഖരം/കാര്യാലയ പകർപ്പ്

ഉത്തരവിൻ പ്രകാരം